# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU.K.S **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)

**17/06/2025**

1. ദേശീയ കർഷക രജിസ്ട്രി -കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അഗ്രി സ്റ്റാക്ക് സംവിധാനത്തിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന കർഷകരുടെയും കൃഷി ഭൂമിയുടെയും ഏകീകൃത രജിസ്ട്രേഷൻ സംവിധാനം രജിസ്റ്റർ ചെയ്ത കർഷകർക്ക് ആധാർ അധിഷ്ഠിത യൂണിഫൈഡ് ഫാർമർ സർവീസ് ഇൻ്റർഫേസ് (UFSI) സംവിധാനത്തിൽ ദേശീയ അംഗീകാരമുള്ള യുണീക്ക് ഐ.ഡി.കാർഡ് ലഭ്യമാക്കും. പി.എം. കിസാൻ ഗുണഭോക്താക്കളായ മുഴുവൻ കർഷകർക്കും തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. കർഷകർക്ക് അടുത്തുള്ള കൃഷിഭവൻ അല്ലെങ്കിൽ അടുത്തുള്ള അക്ഷയ കേന്ദ്രം സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി 31.07.2025. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1800-425-1661

2. വിദ്യാതീരം പദ്ധതി: അപേക്ഷ ക്ഷണിച്ചു രക്ഷിതാക്കൾ മരണപ്പെട്ടതോ രണ്ടുപേരും രോഗബാധിതരായി കിടപ്പിലായതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ

വിദ്യാതീരം പദ്ധതിയുടെ ഭാഗമായ ദത്തെടുക്കൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: ജൂൺ 25. അപേക്ഷ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിലും ജില്ലാ ഫിഷറീസ് ഓഫീസിലും ലഭിക്കുമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ: 04952383780.

3. തേക്ക് തൈകൾ വില്പനയ്ക്ക് പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ ഉത്പാദിപ്പിച്ച ഗുണമേ•യുള്ള തേക്ക് തൈകൾ പത്തനാപുരം - കലഞ്ഞൂർ വാഴപ്പാറയിലെ ജില്ലാ നഴ്സറിയിൽ വില്പനയ്ക്ക്. ഫോൺ: 8547603707,

4. കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി വാങ്ങാം കശുമാവ് കൃഷിവികസന ഏജൻസി മുഖേന കർഷകർക്കും സ്ഥാപനങ്ങൾക്കും അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷഫോം www.ksacc.kerala.gov.in ജില്ല ഫീൽഡ് ഓഫീസറിൽ നിന്നും ലഭിക്കും. ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം-691001 വിലാസത്തിൽ ഓഗസ്റ്റ് 15നകം അപേക്ഷ നൽകാം. ഫോൺ- 0474-2760456 കോ-ഓർഡിനേറ്റർ (സൗത്ത്) 9496046000 കോ-ഓർഡിനേറ്റർ (നോർത്ത്)- 9496047000.

5. സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിൻ്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയായ ട്രീ ബാങ്കിംഗ് പദ്ധതിക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ജില്ലയിൽ സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വർഷം ലീസിന് ഭൂമി കൈവശമുള്ളവർക്കും ഭൂമിയുമായി ബന്ധപ്പെട്ട രേഖകളുമായി ആലപ്പുഴ, ചെങ്ങന്നൂർ സോഷ്യൽഫോറസ്ട്രി റെയിഞ്ച് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യാം. സർക്കാർ നിശ്ചയിച്ചിട്ടുള്ള വൃക്ഷതൈകളായ ചന്ദനം, തേക്ക്, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൾ, കരിമരുത്, കമ്പകം, വെൺതേക്ക്, ഈട്ടി മുതലായ വൃക്ഷതൈകൾ നട്ട് വളർത്തുന്ന വ്യക്തികൾക്ക് തൈ നട്ട് മൂന്ന് വർഷം മുതൽ 15 വർഷം വരെ ധനസഹായം ലഭിക്കും. 15 വർഷം പൂർത്തിയായതിനു ശേഷം സ്ഥലം ഉടമയ്ക്ക് മരങ്ങൾ സോഷ്യൽ ഫോറസ്ട്രി ഓഫീസിൻ്റെ അനുമതിയോടെ ആവശ്യാനുസരണം മുറിച്ച് ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാം. അവസാന തീയതി ജൂൺ 20. വിശദവിവരങ്ങൾക്ക് കൊമ്മാടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ് 0477-2246034.

6. റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷനിൽ 'അനലിറ്റിക്കൽ ട്രെയിനി സ്റ്റാറ്റിസ്റ്റിക്സ്'നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ സ്റ്റാറ്റിസ്റ്റിക്സ്/അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്/മാത്തമാറ്റിക്സ് എന്നിവയിലേതിലെങ്കിലും ബിരുദാനന്തരബിരുദം ഉള്ളവരും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി-31 ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ഇൻ ചാർജ് മുൻപാകെ 2025 ജൂൺ 18 ന് രാവിലെ പത്തുമണിക്ക് നിശ്ചിതഫോറത്തിലുള്ള അപേക്ഷയും വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യു കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപഞ്ഞി

നാം ഉണ്ണുന്ന മേനും നടുന്നാ തിരുന്നാക്കാട

മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി: 9048178101, 9747154013

8. കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ WCT ഇനം തെങ്ങിൻ തൈകൾ ഒരു തൈക്ക് 120 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0474 - 2663599

--

## പ രിശീലന പരിപാടി

9. ജൂൺ 18ാം തീയതി ട്രോപ്പിക്കൽ ഫ്രൂട്ട്സ് പ്രോസസ്സിംഗ് ആൻഡ് വാല്യൂ എഡിഷൻ" എന്ന വിഷയത്തിൽ NIFTEM തഞ്ചാവൂർ ദേശീയ വെബിനാർ സംഘടിപ്പിക്കുന്നു. ഉഷ്ണമേഖലാ പഴ സംസ്ക്കരണവുമായി ബന്ധപ്പെട്ട മൂല്യവർദ്ധനവിലെ നൂതന സാങ്കേതിക വിദ്യകൾ, ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങൾ, ബിസിനസ് അവസരങ്ങൾ എന്നിവ ഈ വെബിനാർ ചർച്ച ചെയ്യും.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9894244344 & 9578311331

10. കേരള വെറ്ററിനറി ആൻ്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. -

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നി നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

11. കാർഷിക നിർദേശം

പടവലം വളർച്ചാഘട്ടം - പടവലത്തിൽ ഡൗണി മിൽഡ്യൂ രോഗത്തെ നിയന്ത്രിക്കാൻ മാങ്കോസെബ് 50 % 4 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ തളിക്കുക

തക്കാളി - തക്കാളിയിലെ കടചീയൽ രോഗത്തിനെതിരേ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളതിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം